Announcement by Speaker Regarding observance of Silence in the Assembly.

Mr. Speaker : Order, order, question hour is over. Today, being the 30th of January, we have to observe two
9 a. m.] minutes' silence from 11 a. m. in memory of those wh laid down their lives in the struggle for India's freedom.

We will now pass on to the next item of business.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61

(i) *The decision of Government to abolish the posts of Block Development Officers in the N. E. S. Blocks of Pre-extension stage*

Mr. Speaker: I have received a notice under Rule 61 from Shri P. C. Raghavan Nair.

Shri M. V. Vasu : Sir, I have also given a notice under Rule 49

Mr. Speaker: The notice you have raised under Rule 49 is the same as that given by Shri P. C. Raghavan Nair and I have disposed of it. Shri Raghavan Nair can speak now on his Rule 61 notice.

ശ്രീ. പി. സി. രാഘവൻ നായർ : സർ, നമ്മുടെ സ്റ്റേറ്റിലെ എൻ. ഈ. എസ്. ബ്ലാക്കുകളുടെ പ്രവത്തനം തുടങ്ങിയിട്ട് ഏതാണ്ട് പത്തു കൊല്ലക്കാലമായി. 1953–ഓടുകൂടി ഏതാനും പ്രദേശങ്ങളിൽ ബ്ലാക്കുകളിൽ പ്പെടുത്തിക്കഴിഞ്ഞു. 1964–ഏപ്രിൽ മാസത്തോടുകൂടി പരിപൂർണ്ണമായി അതു പൂത്തിയാകുകയും ചെയ്യും. പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളായും പിന്നെ സ്റ്റേജ് (1) ബ്ലാക്കുകളായും അവസാനം അഞ്ചുകൊല്ലക്കാലം സ്റ്റേജ് (2) പീരീയഡുകളുമായാണ് ഇതു വിഭജിക്കപ്പെട്ടിരിക്കുന്നതു്. ഈ പഴയ എല്ലാ സംപ്രദായങ്ങളിൽനിന്നും വ്യത്യസ്തമായിട്ടാണ് ഈ കൊല്ലത്തിൽ തുടങ്ങിയിട്ടുള്ള പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളുടെ പ്രവത്തനം ഗവണ്മെൻറ് വീക്ഷിക്കാൻ തുടങ്ങിയിട്ടുള്ളതു്. അതായതു് എല്ലാ കൊല്ലത്തിലും പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളും തുടങ്ങിക്കഴിഞ്ഞാൽ അതിൽ ബ്ലാക്കു ഡെവലപ്പുമെൻറ് ആഫീസറന്മാരെ നിശ്ചയിക്കുക പതിവുണ്ടായിരുന്നു. കഴിഞ്ഞ ഏപ്രിൽമാസത്തിൽ തുടങ്ങിയിട്ടുള്ള പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളിലും ബ്ലാക്കു് ഡവലപ്പുമെൻറ് ആഫീസറന്മാരെ നിയമിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഈ ജനുവരിമാസത്തിൽ പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളിൽ നിയമിച്ചിട്ടുണ്ടായിരുന്ന ബി. ഡി. ഓ. മാക്കെല്ലാംതന്നെ അവരുടെ ചാർജ് അവിടെയുള്ള അഗ്രികൾച്ചറൽ അസിസ്റ്റൻറുമാക്കു് ഏല്പിച്ചുകൊടുത്തിട്ടു് സ്ഥലംവിടണമെന്ന കമ്പിസന്ദേശമാണു് ഡിസ്ട്രിക്റ്റ് ഹെഡ്കുവാർട്ടേഴ്സിൽനിന്നും കിട്ടിയിട്ടുള്ളതു്. അതിന്റെ ഫലമായി ബ്ലാക്കുകളിലുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരെല്ലാംതന്നെ പെട്ടെന്നു അവരുടെ ചാർജ് അഗ്രികൾച്ചറൽ അസിസ്റ്റൻറ്സിനു് വിട്ടുകൊടുത്തിട്ടു് സ്ഥലം വിടേണ്ടതായിവന്നു. അഗ്രികൾച്ചറൽ അസിസ്റ്റൻറ്സ് എന്നും ജൂനിയർ എൻജിനീയർ എന്നും പറഞ്ഞാൽ ഈ പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളെ സടബന്ധിച്ചിടത്തോളം, പുതുതായി കാളേജിൽനിന്നും കയറിവന്നിട്ടുള്ള, യാതൊരു പരിചയവും കിട്ടിയിട്ടില്ലാത്ത ഉദ്യോഗസ്ഥന്മാരാണു്, അങ്ങനെ യാതൊരു പരിചയവുമില്ലാത്ത ഉദ്യോഗസ്ഥന്മാക്കു് ബ്ലാക്കുകളുടെ ചാർജ് ഏൽപ്പിച്ചുകൊടുത്തിട്ടു പരിചയസമ്പന്നരായ ബി. ഡി. ഓ. മാർ സ്ഥലം വിടുകയാണു് ചെയ്തിട്ടുള്ളതു്. ഇതിന്റെ ഫലമായിട്ടു് പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളിലെ പ്രവത്തനങ്ങളെല്ലാംതന്നെ മൊത്തത്തിൽ ഒരു സ്തംഭനാവസ്ഥയിലിരിക്കുകയാണു്. പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളിൽ ഒരു പക്ഷേ പ്രവത്തനമില്ലെന്നു പറയുമായിരിക്കും, എന്നാൽ മലബാർ ഭാഗത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ആ പ്രദേശങ്ങളിലുള്ള

LIBRARY ARCHIVES Kerala Legislative Assembly